**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

22.04.2019

## പത്രക്കുറിപ്പ്

# രാജ്യത്തിന് മാതൃകയായി സംസ്ഥാനത്ത് ആദ്യമായി ഹരിതചട്ടം പാലിച്ച് പൊതുതിരഞ്ഞെടുപ്പ്

രാജ്യത്താദ്യമായി സമ്പൂർണ്ണമായും ഹരിതചട്ടം പാലിച്ചുകൊണ്ട് പൊതുതിരഞ്ഞെടുപ്പ് നടക്കുന്നുവെന്ന ബഹുമതി ഇന്ന് (23.04.2019) കേരളത്തിനു സ്വന്തമാവുകയാണ്. ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് ഓഫീസറുടെ നിർദ്ദേശാനുസരണം ഇതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തിയത്. എല്ലാ ബൂത്തുകളിലും ഹരിതചട്ടം പാലിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് നടത്താനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹരിതപെരുമാറ്റചട്ടം പാലിക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവിടങ്ങളിൽ നിന്നുൾപ്പെടെയുള്ള ഉദ്യോഗസ്ഥ സംഘം നിരീക്ഷണവും നടത്തുന്നുണ്ട്. പ്ലാസ്റ്റിക്കും ഡിസ്പോസബിൾ വസ്തുക്കളും ബൂത്തുകളിൽ ഉൾപ്പെടെ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പൂർണ്ണമായും ഒഴിവാക്കണമെന്ന് കർശന നിർദ്ദേശമുണ്ട്. പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യാതിരിക്കാൻ രാഷ്ട്രീയ പാർട്ടി പ്രവർത്തകരോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

ഹരിതചട്ടം പാലിച്ച് തിരഞ്ഞെടുപ്പ് നടത്തുന്നതിനായി വിപുലമായ മുന്നൊരുക്കങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. എല്ലാ ജില്ലകളിലും ഇതിനായി സഹായ കേന്ദ്രങ്ങളും സജ്ജമാക്കിയിരുന്നു. **"ലോക്സഭാ തിരഞ്ഞെടുപ്പ് 2019 ഹരിതചട്ട പാലനം - സംശയങ്ങളും മറുപടികളും"** എന്ന പേരിൽ ഹരിതചട്ടം പാലിച്ച് തിരഞ്ഞെടുപ്പ് നടത്താൻ സഹായകരമായ കൈപ്പുസ്തകം അച്ചടിച്ച് സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തു. എല്ലാ സ്ഥാനാർത്ഥികൾക്കും നാമനിർദ്ദേശ പത്രികാ സമർപ്പണ വേളയിൽ ഈ മാർഗ്ഗരേഖ നൽകുകയും ചെയ്തു. ഹരിതചട്ടപാലനം തിരഞ്ഞെടുപ്പിൽ ഉറപ്പുവരുത്താനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റുമായി പരിശീലനവും സംഘടിപ്പിച്ചു. ഇതിനു പുറമേ സംസ്ഥാനമൊട്ടാകെ വിപുലമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. ഇതിന്റെയെല്ലാം ഫലമായി തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഹരിതചട്ടം വ്യാപകമായി പ്രാവർത്തികമാക്കപ്പെട്ടു. ഫ്ളക്സ് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കൾ ഒഴിവാക്കണമെന്നും ഹരിതചട്ടം പാലിക്കണമെന്നും നിഷ്ക്കർഷിച്ചുള്ള ഹൈക്കോടതി വിധിയും ഹരിതചട്ടം പാലിച്ച് തിരഞ്ഞെടുപ്പ് നടത്തുന്നതിൽ ഉപകാരപ്രദമായി.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**